LIBRARY ARCHIVES Kerala Legislative Assembly

ബാർ കോഴക്കേസ്സിൽ നിയമോപദേശം

125 (3634) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാർകോഴക്കേസ്സിൽ നിയമോപദേശം നൽകിയതിന് പണം ആവശ്യപ്പെട്ട് സുപ്രീം കോടതിയിലെ മുതിർന്ന അഭിഭാഷകരായ മോഹൻ പരാശരൻ, നാഗേശ്വരറാവു എന്നിവർ ബിൽ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ എത്ര രൂപയാണ് അവർ ആവശ്യപ്പെട്ടിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ;

(ബി) അഡ്വക്കേറ്റ് ജനറലും, ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷനും ഉണ്ടായിരിക്കെ സ്വകാര്യ നിയമോപദേശത്തിന് സർക്കാർ ഖജനാവിൽ നിന്നും പൊതു പണം ചെലവഴിക്കുന്ന നടപടി ശരിയാണോ എന്ന് വിലയിരുത്തിയിട്ടുണ്ടോ;

(സി) ഇക്കാര്യത്തിലുള്ള സർക്കാരിന്റെ നയം വ്യക്തമാക്കുമോ?

ഉത്തരം

(എ) നിയമ വകുപ്പിലും അഡ്വക്കേറ്റ് ജനറൽ ആഫീസിലും ലഭ്യമായ രേഖകൾ പരിശോധിച്ചതിൽ ചോദ്യത്തിൽ പരാമർശിക്കുന്ന മുതിർന്ന അഭിഭാഷകർ നിയമോപദേശം നൽകിയതുമായി ബന്ധപ്പെട്ട് ബില്ലുകൾ ഒന്നും സമർപ്പിച്ചിട്ടില്ല.

(ബി) നിയമവകുപ്പ് സ്വകാര്യ നിയമോപദേശത്തിന് സർക്കാർ ഖജനാവിൽനിന്നും പൊതുപണം ചെലവഴിച്ചിട്ടില്ല.

(സി) "ബി" ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ബാധകമല്ല.

നിർമ്മിതി കേന്ദ്രം

126 (3635) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർമ്മിതി കേന്ദ്രത്തെ ബോർഡ്/കോർപ്പറേഷൻ ആയി മാറ്റുന്നതിനുള്ള പഠനം നടത്താനായി സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് സ്റ്റഡീസിനെ ഏല്പിച്ചിരുന്നോ;

(ബി) എങ്കിൽ പ്രസ്തുത പഠനറിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച/ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെ;വിശദമാക്കുമോ ?

ഉത്തരം

(എ) ഏൽപ്പിച്ചിരുന്നു.

(ബി) സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് സ്റ്റഡീസ്, കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന് കരട് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചുവരികയാണ്. അന്തിമ റിപ്പോർട്ട് ലഭിക്കുമ്പോൾ ആയത് നിർമ്മിതി കേന്ദ്രത്തിന്റെ ഗവേണിംഗ് ബോഡി/എക്സിക്യൂട്ടീവ് കമ്മിറ്റി പരിശോധിച്ചശേഷം തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

നിർമ്മിതി കേന്ദ്രങ്ങൾ

127 (3636) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന നിർമ്മിതി കേന്ദ്രത്തിലും ജില്ലാ നിർമ്മിതി കേന്ദ്രങ്ങളിലും സർവ്വീസ് റൂൾ നടപ്പാക്കാൻ എന്തു നടപടി സ്വീകരിച്ചുവെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത കേന്ദ്രങ്ങളിലെ ജീവനക്കാരുടെ ശമ്പള പരിഷ്കരണം നടപ്പിലാക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) പ്രസ്തുത കേന്ദ്രങ്ങളിൽ നിലവിലുള്ള സേവന വേതന വ്യവസ്ഥകൾ അറിയിക്കുമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

ഡോ. ബിജു രമേശിന്റെ നികുതി കുടിശ്ശികകൾ

128 (3638) ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജധാനി ഹോട്ടൽ സമുച്ചയം ഉടമ ഡോ. ബിജു രമേശിന്റെ നികുതി കുടിശ്ശികയുമായി ബന്ധപ്പെട്ട് സെക്രട്ടേറിയറ്റ് നികുതി വകുപ്പിൽ തീർപ്പാകാതെ ശേഷിക്കുന്ന എത്ര കേസുകൾ ഉണ്ട്; പ്രസ്തുത വ്യക്തിയുടെ പേരിൽ കഴിഞ്ഞ 4 വർഷക്കാലം എത്ര കേസുകൾ തീർപ്പാക്കിയെന്നും ഇതിൽ എത്ര തുക ഉൾപ്പെട്ടിട്ടുണ്ടെന്നുമുള്ള വിവരവും വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത വ്യക്തി ഏതെല്ലാം കേസുകളിൽ നികുതി വകുപ്പിൽ അപ്പീൽ നൽകിയിട്ടുണ്ട്; അവയുടെ ഇപ്പോഴത്തെ സ്ഥിതിയെന്താണെന്നും ഇവയിൽ എത്ര തുക ഉൾപ്പെട്ടിട്ടുണ്ടെന്നുമുള്ള വിവരം വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത വ്യക്തി കഴിഞ്ഞ 5 വർഷക്കാലം സെയിൽസ് ടാക്സ് ഇനത്തിൽ സർക്കാരിലേക്ക് ഒടുക്കിയ തുക വർഷം തിരിച്ച് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly